

# സാഹിത്യവാരഫലം

**അ**ദ്ധ്യാപകരായ ഞങ്ങൾ സ്റ്റാഫ് റൂമിലിരുന്നു സംസാരിക്കുകയായിരുന്നു. ഭക്ഷണത്തിലും ധനസമ്പാദനത്തിലും മാത്രം തല്പരനായ ഒരു പ്രൊഫസർ തന്റെ വീട്ടിലുണ്ടായ മോഷണത്തെക്കുറിച്ചു പറയാൻ തുടങ്ങി. "ആഭരണങ്ങൾ നന്നാക്കാനുണ്ടോ? ആഭരണങ്ങൾ നന്നാക്കാനുണ്ടോ?" റോഡിൽനിന്ന് ഈ ശബ്ദമുയർന്നപ്പോൾ ഞാൻ അയാളെ വീട്ടിലേക്കു വിളിച്ചു. ഒൻപതു പവന്റെ മാല കുറച്ചുകാലമായി പൊട്ടിക്കിടക്കുകയായിരുന്നു. ഇതൊന്നു വിളക്കിത്തരൂ' എന്നു പറഞ്ഞ് ഞാൻ അതെടുത്ത് അയാളുടെ കൈയിൽ കൊടുത്തു. നെരിപ്പോടിൽവച്ച് പൊട്ടിയ ഭാഗം വിളക്കുന്നുവെന്നു കാണിച്ചിട്ട് അയാൾ പെട്ടെന്ന് അതു ചരുവത്തിൽ നിറച്ചുവച്ച വെള്ളത്തിലേക്ക് ഇട്ടു. ഞാൻ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. വളരെ സമർത്ഥമായി അയാൾ മാലയുടെ ഒരു ഭാഗം മുറിച്ചു വെള്ളത്തിലിട്ടു വീണ്ടും മാലയെടുത്തു തീയിൽ വയ്ക്കാൻ ഭാവിച്ചപ്പോൾ ഞാൻ ഒറ്റയടി അയാളുടെ ചെകിട്ടിൽ കൊടുത്തു. കരഞ്ഞു മാപ്പു പറഞ്ഞുകൊണ്ട് പൊലീസിനെ വിളിച്ചില്ല. പ്രൊഫസർ ഇത്രയും അറിയിച്ചിട്ട് അഭിമാനത്തോടെ ഇരുന്നപ്പോൾ ഡോക്ടർ ഗോദവർമ ഒരു കണ്ണ് ഒന്നടച്ചിട്ടു പുച്ഛത്തോടെ ചിരിച്ചു. ആരെയും ആക്ഷേപിക്കാത്ത കോന്നിയൂർ മീനാക്ഷിയമ്മ "ങ്ഹാ വീട്ടിൽ ഒൻപതു പവന്റെ മാലയുണ്ടോ?" എന്നു ചോദിച്ചു. അദ്ധ്യാപകനു മനസ്സിലായി അതു കളിയാക്കലാണെന്ന് അതുകൊണ്ടാവാം അദ്ദേഹം മറുപടി നൽകിയത് ഇങ്ങനെയാണ്: "ഒൻപതു പവന്റെ മാല മാത്രമല്ല പതിനഞ്ചു പവന്റെ മാലയുമുണ്ട്." ഇദ്ദേഹം കോളേജിലെത്തിയാൽ ആഭരണങ്ങളെക്കുറിച്ചേ സംസാരിക്കൂ. "അനന്തരവൾക്കു സ്വർണക്കൊലുസ്സ് ഉണ്ടാക്കിക്കൊടുത്തു. ഓരോന്നും നാലു പവനാണ്. മകനു സ്വർണമാലയിടണം എന്നൊരാഗ്രഹം. അവന്റെ ആഗ്രഹം സാധിക്കട്ടെയെന്നു കരുതി സേഫിൽനിന്ന് അഞ്ചുപവനെടുത്തു കൊടുത്തു." ഇങ്ങനെ പലതും സാഹിത്യത്തിൽ താല്പര്യമില്ല നേരെ ചൊവ്വേ' പഠിപ്പിക്കാനറിഞ്ഞുകൂടാ. നാക്കെടുത്തു വളച്ചാൽ വരുന്നതൊക്കെ അബദ്ധം. വളരെക്കാലം അങ്ങനെ ജീവിച്ചു. പെൻഷൻപറ്റി മരിച്ചുപോകുകയും ചെയ്തു. അദ്ഭുതപ്പെടാനില്ല ഇതിലൊന്നും. മനസ്സ് ഒരു കാര്യത്തിൽ മാത്രം വ്യാപരിച്ചാൽ വേറൊന്നിലേക്കും അതിനു പോകാൻ ഒക്കുകയില്ല. ഓഫീസ് ഫയലിനെക്കുറിച്ചുമാത്രം സംസാരിക്കുന്നവന് ഇന്ത്യയുടെ പ്രസിഡന്റ് ആരെന്ന് അറിഞ്ഞുകൂടായിരിക്കും. ചെമ്പകപ്പൂവിന്റെ തീക്ഷ്ണ സൗരഭ്യം മാത്രം മതിയെന്നു പറയുന്നവൻ പനിനീർപ്പൂവിന്റെ സന്ദിഗ്ദ്ധത സൗരഭ്യം അറിയുന്നില്ല. മാനത്ത് എപ്പോഴും നോക്കുന്നവൻ ഭൂമിയെ കാണുന്നില്ല. കുന്നു കയറുന്നവൻ കടലിൽ ഇറങ്ങുന്നില്ല. പട്ടിക്കുട്ടിയെ ലാളിക്കുന്നവൻ സിംഹക്കുട്ടിയെ ഓർമിക്കുന്നില്ല. കുമാരനാശാനെക്കുറിച്ചു മാത്രം എപ്പോഴും പറയുന്നവൻ വള്ളത്തോളിനെ അറിയുന്നില്ല. വള്ളത്തോളിന്റെ കാവ്യങ്ങൾ മാത്രം വായിക്കുമ്പോൾ കുമാരനാശാന്റെ കാവ്യങ്ങൾ വായിക്കുന്നില്ല. തൊടുത്തിന് അഞ്ഞൂറുവട്ടം ടോൾസ്റ്റോയി എന്നു ഉരുവിടുന്നവൻ ഹേർമാൻ ബ്രോഹിന്റെ 'വെർജിലിന്റെ മരണ' ത്തെക്കുറിച്ച് ഒന്നും മിണ്ടുന്നില്ല. ചിലർക്കു ശങ്കരക്കുറുപ്പിനെ അറിയാം, കടമ്മനിട്ടയെ അറിയാം ശങ്കരക്കുറുപ്പിനെ അറിഞ്ഞുകൂടാ. ഹിമാലയപർവതത്തെ മാത്രമല്ല അറേബ്യൻ സമുദ്രത്തെയും അറിയണം. സിംഹത്തെ മാത്രമല്ല കടുവയെയും അറിയണം.

### ജീർണത ഒഴിവാക്കാൻ

സ്കിറ്റ്സോഫ്രീനിയ എന്നൊരു മാനസിക രോഗമുണ്ട്. ചിന്തയുടെ അവ്യക്തത ഇതിന്റെ സവിശേഷതയാണ്. ചിലപ്പോൾ ചില മാനസിക പ്രതിരൂപങ്ങളും സംവേദനങ്ങളും രോഗിയെ വല്ലാത്തവിധത്തിൽ ആക്രമിക്കും. വ്യാമോഹങ്ങളുമുണ്ടാകും. 'ഞാൻ ജവഹർലാൽ നെഹ്റുവാണ്' എന്ന് ഈ മാനസിക രോഗി പറഞ്ഞെന്നു വരാം. പൈങ്കിളിക്കഥ എഴുതുന്നവരാകെ സ്കിറ്റ്സോഫ്രീനിയ ബാധിച്ചവരാണ്. 'ഞാൻ സാഹിത്യകാരൻ' എന്ന തോന്നലിൽ വ്യാമോഹമുണ്ട്. പ്രേമരംഗങ്ങളെ സംബന്ധിച്ച ഇമേജുകൾ ഈ എഴുത്തുകാരനെ ശക്തിയോടെ ആക്രമിക്കുന്നു. ആവിഷ്കരിക്കുന്ന ചിന്തയുടെ അവ്യക്തത ഇവിടത്തെയും സവിശേഷതതന്നെ. സ്കിറ്റ്സോഫ്രീനിയ ചികിത്സിച്ചു ഭേദമാക്കേണ്ട രോഗമാണല്ലോ. പൈങ്കിളിക്കഥാകാരന്മാരെയും ചികിത്സയ്ക്കു വിധേയരാക്കണം. അല്ലെങ്കിൽ അവരും അവരുടെ രചനകൾ വായിക്കുന്നവരും ഉന്മാദത്തിലെത്തും.

പലപ്പോഴും പറഞ്ഞ ഇക്കാര്യം ഇപ്പോഴും പറയേണ്ടതാണെന്നു തോന്നി ടി.കെ.ആർ. ആനിക്കാടൻ എക്സ്പ്രസ്സ് വാരികയിലെഴുതിയ 'ഒരു വേനൽപ്പക്ഷിയുടെ ദുഃഖം' എന്ന കഥ വായിച്ചപ്പോൾ കാമുകന്റെ നിർദ്ദേശമനുസരിച്ച് കാമുകി അയാൾക്കു വേണ്ടി കാത്തിരുന്നു. കാത്തിരിപ്പ് വ്യർത്ഥമാണെന്നു കൂട്ടുകാരി അറിയിച്ചിട്ടും അവൾ വകവച്ചില്ല. അങ്ങനെയിരിക്കെ കാമുകൻ ഭാര്യയോടുകൂടി വരുന്നത് അവൾ കണ്ടു. അയാളുടെ ഭാര്യ അവൾക്ക് ഉപദേശം നൽകിയ കൂട്ടുകാരി തന്നെ. ജീവിതത്തോട് ഒരു ബന്ധവുമില്ലാത്ത ഈ കഥ സത്യത്തെ അസത്യമാക്കുകയും അസത്യത്തെ സത്യമാക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് സ് കിറ്റ്സോഫ്രീനിയ. ഇതു പിടിപെട്ടവരെ ചിത്തരോഗാശുപത്രിയിലാക്കും. പൈങ്കിളിക്കഥാകാരന്മാരെയും അങ്ങോട്ടേക്കാണ് അയയ്ക്കേണ്ടത്. ആ വിയോജനം വരുത്തിയില്ലെങ്കിൽ സമുദായം ജീർണിക്കും.

### തകഴി ശങ്കരനാരായണൻ

ദാർശനിക വിഷയങ്ങളെക്കുറിച്ച് എഴുതുന്നവരിൽ എനിക്കേറ്റവും അഭിമതൻ റൈമുണ്ടോപ്പണിക്കരാണ്

**സൃഷ്ടി ആൽമരംപോലെയാണ്. പക്ഷികൾ അതിലെ പഴങ്ങൾ തിന്നാൻ വരുന്നു. അല്ലെങ്കിൽ അതിന്റെ കൊമ്പുകളിൽ ആശ്രയം തേടുന്നു. ആളുകൾ അതിന്റെ തണലിലിരുന്നു തണുപ്പ് അനുഭവിക്കുന്നു. എന്നാൽ ചിലർ അതിൽ തൂങ്ങിച്ചാവുകയും ചെയ്യുന്നു. എന്നിട്ടും മരം ശാന്തജീവിതം നയിച്ചുകൊണ്ടിരിക്കുന്നു.**



(Raimundo Panikkar). അദ്ദേഹത്തിന്റെ The Vedic Experience എന്ന ഗ്രന്ഥം ഞാൻ വീണ്ടും വീണ്ടും വായിക്കാറുണ്ട്. ദാർശനിക ചിന്തനത്തിനുള്ള പ്രധാന ഹേതു മോഹഭംഗമാണെന്ന് അദ്ദേഹം ആ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിരിക്കുന്നു. പ്രത്യക്ഷാനുഭവങ്ങളുടെ മായിക സ്വഭാവം മനുഷ്യനെ അസ്വസ്ഥനാക്കുന്നു. അവൻ ആ അനുഭവങ്ങൾ ഭേദിച്ച് അകത്തേയ്ക്കു ചെല്ലുന്നു. അദ്ഭുതത്തെ സംബന്ധിച്ച ബോധമാണ് ദാർശനിക ചിന്തനത്തിനു കാരണമായി ബ്ഭവിക്കുന്നതെന്നു വേറൊരു മതവുമുണ്ട്. ഇവ രണ്ടും ഒരു സങ്കല്പത്തിൽനിന്നാണ് ജനിക്കുന്നത്. കണ്ണു കാണുന്നതിനേക്കാൾ കൂടുതലായി എന്തോ ഉണ്ടെന്ന വസ്തുത ഈ സങ്കല്പം രണ്ടുവിധത്തിലുള്ള പ്രതികരണങ്ങൾക്കു ഹേതുവായിത്തീരുന്നു. ഒരാൾ കൂടുതൽ പ്രതീക്ഷിക്കുന്നു. ലോകം കൂടുതൽ ഭംഗിയുള്ളതാകണം, സത്യാത്മകമാകണം, ഗഹനമാകണം, സമ്പൂർണമാകണം. ഈ പ്രസാദാത്മകത്വത്തിന് അടിയേൽക്കുമ്പോൾ അയാൾക്കു മോഹഭംഗം ഉണ്ടാകുന്നു. രണ്ടാമത്തെയാളിന് ആദ്യത്തെയാളിനുള്ള പ്രതീക്ഷകളില്ല. ലോകം അത്ര കണ്ടു വിരൂപമല്ല. നിരാശതാജനകമല്ല എന്ന വിചാരമാണ് അയാൾക്ക്. ഇവിടെ വിഷാദാത്മകത്വമാണ്, അത് അദ്ഭുതത്തിലേക്കു ചെല്ലുന്നു. ആദ്യത്തെയാളിന് മോഹഭംഗം കാരണം സത്യമായത് കാണപ്പെടുന്നില്ല എന്നതുതന്നെ. രണ്ടാമത്തെയാളിന് അദ്ഭുതം. ഹേതു വസ്തുക്കൾ യഥാർത്ഥത്തിൽ ഉള്ളവ തന്നെ എന്നതാണ്. (Page 453 — Vedic Experience)

ഈ അദ്ഭുതമാണ് തകഴി ശങ്കരനാരായണന്റെ 'പുഷ്പകലാവർത്തച്ചിറകിൽ' എന്ന നല്ല കാവ്യത്തിന് അവലംബം (മനോരാജ്യം) കേട്ടാലും.

എവിടെ നി-
ന്നെവിടേക്കു
പാറുന്നു നീ മഹാ
കാലപതംഗമേ?
ധ്രുവതാരകങ്ങൾ നിൻ
ചൂടേററുവിടരുന്നു
നിറകാന്തി വഴിയുന്ന
സൗരവ്യൂഹങ്ങൾ നിൻ
ചിറകൊലിയി
ലുണരുന്ന
താളങ്ങളാവുന്നു

വിഷയത്തിനു യോജിച്ച ലയവും പദവിന്യാസവും ഈ കാവ്യത്തിന്റെ സവിശേഷതകളാണ്.

* * *

ലോകം സൃഷ്ടിക്കപ്പെട്ടതു സുഖത്തിനു വേണ്ടിയോ ദുഃഖത്തിനുവേണ്ടിയോ എന്ന ചോദ്യത്തിനു മറുപടിയായി രമണമഹർഷി പറഞ്ഞു–

"സൃഷ്ടി നന്മയാർന്നതല്ല, തിന്മയാർന്നതുമല്ല അത് എങ്ങനെയോ അങ്ങനെതന്നെ. മനുഷ്യന്റെ മനസ്സാണ് അതിൽ എല്ലാ വിധത്തിലുമുള്ള കെട്ടിപ്പടുക്കലുകളും നടത്തുന്നത്. അതിന്റെ മാത്രം കോണിക്കൂടെ വസ്തുക്കളെ കാണുന്നു. അതിന്റെ താല്പര്യത്തിനു മാത്രം യോജിക്കുന്നവിധത്തിൽ അവയെ വ്യാഖ്യാനിക്കുന്നു. സ്ത്രീ സ്ത്രീ മാത്രം. പക്ഷേ, ഒരു മനസ്സ് അവളെ അമ്മയെന്നു വിളിക്കുന്നു. മററൊരു സഹോദരിയെന്നു വിളിക്കുന്നു. വേറൊന്ന് അമ്മായിയെന്നും അങ്ങനെ പലവിധത്തിൽ. പുരുഷന്മാർ സ്ത്രീകളെ സ്നേഹിക്കുന്നു. പാമ്പുകളെ വെറുക്കുന്നു. പാതവക്കിലുള്ള പുല്ല്, കല്ല് ഇവയെ അവഗണിക്കുന്നു. ഈ മൂല്യനിർണയങ്ങളാണ് ലോകത്തെ എല്ലാ കഷ്ടപ്പാടുകൾക്കും കാരണങ്ങൾ. സൃഷ്ടി ആൽമരംപോലെയാണ്. പക്ഷികൾ അതിലെ പഴങ്ങൾ തിന്നാൻ വരുന്നു. അല്ലെങ്കിൽ അതിന്റെ കൊമ്പുകളിൽ ആശ്രയം തേടുന്നു. ആളുകൾ അതിന്റെ തണലിലിരുന്നു തണുപ്പ് അനുഭവിക്കുന്നു. എന്നാൽ ചിലർ അതിൽ തൂങ്ങിച്ചാവുകയും ചെയ്യുന്നു. എന്നിട്ടും മരം ശാന്തജീവിതം നയിച്ചുകൊണ്ടിരിക്കുന്നു. ഏതെല്ലാംവിധത്തിൽ അതിനെ ഉപയോഗിക്കുന്നു എന്നത് അറിയാതെയും അതിനെക്കുറിച്ചു പരിഗണനയില്ലാതെയും മനുഷ്യന്റെ മനസ്സാണു സ്വയം പ്രയാസങ്ങളുണ്ടാക്കിയിട്ട് സഹായത്തിനുവേണ്ടി നിലവിളിക്കുന്നത്. ഒരാൾക്കു സമാധാനവും വേറൊരാൾക്കു ദുഃഖവും നൽകത്തക്കവിധത്തിൽ ഈശ്വരൻ പക്ഷപാതിയാണോ? സൃഷ്ടിയിൽ ഏതിനും സ്ഥലമുണ്ട്. പക്ഷേ, മനുഷ്യൻ നന്മ, ആരോഗ്യം, സൗന്ദര്യം ഇവയെ കാണാൻ കൂട്ടാക്കുന്നില്ല."

## സൗധം സാർത്ഥകം



ഇ. ഹരികുമാർ

ഈ നഗരത്തിൽ എത്രവേഗമാണ് സൗധങ്ങൾ ഉയരുന്നത്! നമ്മൾ കൂടെക്കൂടെ ആ റോഡിലൂടെ നടക്കുന്നു. ഒരു സൗധനത്തിനടുത്ത് കുററിക്കാടുകൾ നിറഞ്ഞ പ്രദേശം കാണുന്നു, കുറെ ദിവസം കഴിഞ്ഞാണ് അതിലേ പോകുന്നതെങ്കിൽ ഒരിടത്തു ചുടുകല്ലുകൾ അടുക്കിവച്ചിരിക്കുന്നതു കാണാം. മററൊരിടത്ത് കരിങ്കല്ലുകൾ കൂട്ടിയിട്ടിരിക്കുന്നു. മൂന്നു മാസത്തേയ്ക്കു നിങ്ങൾ ആ വഴി പോകുന്നില്ലെന്നിരിക്കട്ടെ എന്നിട്ട് ഒരു ദിവസം ആ വഴി ചെ

ന്നാൽ ചുടുകല്ലുമില്ല കരിങ്കല്ലുമില്ല. കുറ്റിക്കാടുകൾക്കു പകരം മനോഹരമായ പൂന്തോട്ടം അതിനു പിറകിൽ സൗധം കരിങ്കല്ലിനും ചുടുകട്ടയ്ക്കും 'ഒരർത്ഥ' വുമില്ല. എന്നാൽ അവകൊണ്ടുണ്ടാക്കിയ സൗധം സാർത്ഥകം. ഒറ്റപ്പദങ്ങൾ അർത്ഥരഹിതങ്ങൾ. എന്നാൽ, ഹരികുമാർ എന്ന കഥാകാരൻ അവയെ വേണ്ട വിധത്തിൽ സങ്കലനം ചെയ്തുവയ്ക്കുമ്പോൾ അതിന് സാർത്ഥകസ്വഭാവം വരുന്നു. സ്വാർത്ഥതൽപരനായ ഒരു ചെറുപ്പക്കാരൻ. അയാൾ അമ്മയ്ക്ക് അയച്ചുകൊടുക്കുന്ന പണം അവർ അവരുടെ ചേട്ടനും കുഞ്ഞുങ്ങൾക്കും ചെലവാക്കുമ്പോൾ അയാൾക്കു കോപം. ആ കോപവും അതിനോടു ബന്ധപ്പെട്ട പ്രവൃത്തികളും കരിങ്കല്ലുപോലെ, ചെങ്കല്ലുപോലെ അർത്ഥരഹിതം. പക്ഷേ, അമ്മാവന്റെ മകളുടെ മക്കൾ അയാളെ സ്നേഹപൂർവം ഉമ്മവയ്ക്കുമ്പോൾ അയാളുടെ സ്വാർത്ഥ ചിന്ത ഇല്ലാതാവുന്നു. അവരിലൂടെ അയാൾ സ്വാർത്ഥകമായ ഒരു സ്നേഹസൗധം നിർമിക്കുകയാണ്. കലാകൗമുദിയിൽ ഹരികുമാർ എഴുതിയ ഈ കഥ – സൂര്യകാന്തിപ്പൂക്കൾ' എനിക്കിഷ്ടമായി.

"മററുള്ളവർക്കു ഉപകാരങ്ങൾ ചെയ്യുന്നവൻ മണ്ടനാണ്, കാരണം അവൻ സ്വന്തം കാര്യം നോക്കുന്നില്ല എന്നതാണ്." ഇമ്മട്ടിൽ ഏതോ മഹാൻ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിനു മഹത്ത്വമുണ്ടെങ്കിലും ഹൃദയവിശാലതയില്ല. സ്വാർത്ഥം ത്യജിച്ചു പരമാർത്ഥമായി ജീവിക്കുമ്പോൾ ഉണ്ടാകുന്ന സുഖം സ്വാർത്ഥതാല്പര്യത്തിൽനിന്ന് ഒരിക്കലും ഉണ്ടാവുകയില്ല.

### ചോദ്യം, ഉത്തരം

"ഒരാളിനോടു ചെയ്യാവുന്ന വലിയ അപരാധമേത്?"

അയാളെ കണ്ടയുടനെ ക്ഷീണിച്ചു പോയല്ലോ' എന്നു പറയുക.

"നിങ്ങളോട് അങ്ങനെ ആരെങ്കിലും പറഞ്ഞാൽ നിങ്ങളെന്തു മറുപടി പറയും?"

"ഞാൻ അയാളെ എന്തെങ്കിലും പറഞ്ഞു വേദനിപ്പിക്കുകയില്ല. അത് എന്റെ നന്മകൊണ്ടല്ല, ഭീരുത്വംകൊണ്ടാണ്. എൻ. ഗോപാലപിള്ളസാറിനോട് ഒരിക്കൽ ഒരു സംസ്കൃത പണ്ഡിതൻ സാറ് വല്ലാതെ ക്ഷീണിച്ചല്ലോ. ആരോഗ്യം നോക്കാത്തതെന്ത്?" എന്ന് സ്നേഹം നൽകുന്ന അധികാരത്തോടെ പറഞ്ഞു. സാറ് എടുത്ത വാക്കിനു ചോദിച്ചു– "എന്റെ ഭാര്യക്കില്ലാത്ത ചേതമാണോ നിങ്ങൾക്ക്? എന്റെ ആരോഗ്യം ഞാൻ നോക്കിക്കൊള്ളാം. നിങ്ങളുടെ ഉപദേശമൊന്നും വേണ്ട."

"നിങ്ങൾക്കു വിസ്മയം ഉണ്ടാക്കിയ ഒരു പ്രസ്താവം?"

കൗമുദിയുടെ പത്രാധിപർ കെ. ബാലകൃഷ്ണനോടൊരുമിച്ച് ഞാൻ ആലപ്പുഴെ ഒരു മീറ്റിങ്ങിനു പോകുകയായിരുന്നു. കൗമുദി ഓഫീസിൽനിന്നു കെ. എസ്. ചെല്ലപ്പൻ എടുത്തുതന്ന പുതിയ കൗമുദി വാരികയിലെ പത്രാധിപരുടെ കുറിപ്പുകൾ' കാറിലിരുന്നു വായിക്കുകയായിരുന്നു ഞാൻ. ബാലകൃഷ്ണൻ അതു കണ്ടു. അദ്ദേഹം ദേഷ്യത്തോടെ പറഞ്ഞു: "ആ ഷിറ്റി വീക്ക്‌ലി ദൂരെ ക്കള. അവന്റെ ഒരു വാരികയും അവന്റെ പത്രാധിപക്കുറിപ്പുകളും."

"ഈ ലോകത്തെ ഏറ്റവും വലിയ ഇംബാരസ്സിങ് സിറ്റ്യൂവേയ്ഷൻ' ആകുലാവസ്ഥ ഏത്?

"സ്ക്കൂട്ടറിന്റെ പിറകിലിരിക്കുന്ന സുന്ദരിയെ കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരിക്കുമ്പോൾ വണ്ടിയോടിക്കുന്ന അവളുടെ ഭർത്താവ് ഭക്തിപൂർവം നമ്മെ തലതാഴ്ത്തി വന്ദിക്കുന്നത്."

രമണമഹർഷിയോട് ഒരു ചെറുപ്പക്കാരൻ ചോദിച്ച ചോദ്യം ഞാൻ നിങ്ങളോടു ചോദിക്കാം. മറുപടി പറയൂ– "അയൽവീട്ടുകാരിയായ ചെറുപ്പക്കാരിയുടെ സ്തനങ്ങൾ കാണുമ്പോൾ എനിക്കു വല്ലാത്ത പാരവശ്യം. അവളുമായി വ്യഭിചാരകർമത്തിൽ ഏർപ്പെടാൻ എനിക്കു പ്രലോഭനം ഞാൻ എന്തുചെയ്യണം?"

"എനിക്കിതിന് ഉത്തരമില്ല. രമണമഹർഷി ആ ചെറുപ്പക്കാരന് നൽകിയ ഉത്തരം ഞാനിവിയെ എഴുതാം." "നിങ്ങൾ എപ്പോഴും വിശുദ്ധനാണ്. നിങ്ങളുടെ ഇന്ദ്രിയങ്ങളും ശരീരവുമാണ് നിങ്ങളെ പ്രലോഭിപ്പിക്കുന്നത്. ഈ ഇന്ദ്രിയങ്ങളെയും ശരീരത്തെയും നിങ്ങൾ ആത്മാവായി തെറ്റിദ്ധരിക്കുന്നു. അതുകൊണ്ട് ആദ്യമായി അറിയേണ്ടത് ആരെ പ്രലോഭിപ്പിക്കുന്നു എന്നതാണ്. പ്രലോഭിപ്പിക്കാൻ ആരുണ്ട് എന്നതാണ്. നിങ്ങൾ വ്യഭിചാരകർമം അനുഷ്ഠിച്ചാൽത്തന്നെയും അതിനെക്കുറിച്ചു പിന്നീട് വിചാരിക്കാതിരിക്കൂ. കാരണം നിങ്ങൾ വിശുദ്ധനാണ് എന്നതത്രേ. നിങ്ങളല്ല പാപി."

"നിങ്ങൾക്കു മാനസികമായ താഴ്ച യുണ്ടാക്കിയ ഒരു സംഭവം?"

"നാല്പത്തഞ്ചുകൊല്ലം മുൻപ് ഞാൻ ആലപ്പുഴ പൊലീസ് സ്റ്റേഷന്റെ മുൻപിൽ ബസ്സ് കാത്തുനിൽക്കുകയായിരുന്നു. കൈയിലിരുന്ന ടോർച്ചിന്റെ ബാറ്ററി കൊള്ളാമോ എന്നറിയാനായി ഞാൻ അതിന്റെ സ്വിച്ച് ഒന്നമർത്തി. വെളിച്ചം പൊലീസ് സ്റ്റേഷനിൽ ചെന്നു വീണതു ഞാനറിഞ്ഞില്ല. പെട്ടെന്നു സ്റ്റേഷനിൽനിന്ന് ഒരു ശബ്ദം ഉയർന്നു– ഏത് പൂ.....മോനാണടാ സ്റ്റേഷനിൽ ടോർച്ചടിക്കുന്നത്? ഒരു കൺസ്റ്റബിൾ ഓടി എന്റെ അടുത്തുവന്നു. ഞാൻ വെപ്രാളത്തോടെ പറഞ്ഞു– ക്ഷമിക്കണം. അറിയാതെ സ്വിച്ച് അമർത്തിയപ്പോയതാണ്. കൺസ്റ്റബിൾ എന്നെ കൈവയ്ക്കാതെ തിരിച്ചുപോയി. പക്ഷേ, അയാൾ പറഞ്ഞ തെറിയുണ്ടല്ലോ അത് ഇന്നും എനിക്കു മാന്ദ്യം ജനിപ്പിക്കുന്നു."

### ഷണ്ഡത്വം

ബീഭത്സത എവിടെ തുടങ്ങുന്നു എവിടെ അവസാനിക്കുന്നു? ഈ ചോദ്യത്തിനു ഉത്തരം ഞാൻ നൽകാം. എം. എ. റഹ്മാന്റെ പദപ്രശ്നം' എന്ന ചെറുകഥയിൽ (മാതൃഭൂമി ആഴ്ചപ്പതിപ്പ്) ഏതു വഷളൻ കഥയും ഞാൻ ക്ഷമയോടെ അവസാനംവരെയും വായിക്കാറുണ്ട്. രണ്ടുതവണ ശ്രമിച്ചിട്ടും ഈ കഥ പൂർണമായി വായിക്കാൻ എനിക്കു കഴിഞ്ഞില്ല. അന്യോന്യബന്ധമില്ലാത്ത കുറെ വാക്യങ്ങൾ മാത്രമേ ഇതിലുള്ളൂ.

ചിറ്റൂർ കോളേജിൽ ഒരു തമിഴ് ലക്ചറർ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹധർമിണിക്ക് കോയമ്പത്തൂർ പട്ടണം കാണണമെന്ന് ഒരാഗ്രഹം. അവരുടെ നിർബന്ധം കൂടിക്കൂടി വന്നപ്പോൾ ലക്ചറർ അണിക്കോട് എന്ന സ്ഥലത്തുചെന്ന് ടാക്സിക്കാർ വിളിച്ചുകൊണ്ടുവന്നു. ഭാര്യയെ അതിൽ കയറ്റി കോയമ്പത്തൂരേക്കു പോയി അദ്ദേഹം. പട്ടണത്തിലെത്തിയപ്പോൾ കാറ് വേഗത്തിൽ ഓടിക്കാൻ ഡ്രൈവറോട് പറഞ്ഞു. ഏതാണ്ട് മണിക്കൂറിൽ നാല്പതു നാഴിക സ്പീഡിൽ കാറ് നഗരത്തിലാകെ കറങ്ങി. ഒരിടത്തും ഒരു സെക്കൻഡ് പോലും നിറുത്തിയില്ല. കാപ്പി കുടിച്ചാൽ കൊള്ളാമെന്നു ഭാര്യ പറഞ്ഞിട്ടും ഭർത്താവ് കാറ് നിറുത്താൻ സമ്മതിച്ചില്ല. ഒരു അരമണിക്കൂർ നേരത്തെ കറക്കം പട്ടണത്തിൽ. തിരിച്ചു അതേമട്ടിൽ ചിറ്റൂരേക്കു പോരികയും ചെയ്തു. എന്തൊരു അർത്ഥശൂന്യമായ പ്രവൃത്തി, അല്ലേ? അതേ പ്രവൃത്തികൾ സാർത്ഥകമാകണമെങ്കിൽ വ്യക്തികൾ അല്ലെങ്കിൽ വസ്തുക്കൾ തമ്മിൽ ഇന്ററാക്ഷൻ ഉണ്ടാകണം. ഞാനൊരു പുസ്തകം വാങ്ങിയിട്ട് വായിക്കാതെ അലമാരിയിൽ വച്ചുപൂട്ടിയാൽ ഞാനും പുസ്തകവും തമ്മിൽ ഇന്ററാക്ഷൻ ഇല്ല. അപ്പോൾ പുസ്തകത്തിനു വിലയില്ലാതെയാവുന്നു. ഞാൻ പുസ്തകം വായിച്ചാൽ 'പരസ്പരപ്രവർത്തനം' കൊണ്ട് അതു സാർത്ഥകമായിത്തീരുന്നു. തരുണി ശക്തനും സുന്ദരനുമായ തരുണനോടു ചേരുമ്പോൾ രണ്ടുപേർക്കും വിലയുണ്ട്. തരുണിക്കു കിട്ടു

ന്നതു ഷണ്ഡനെയാണെങ്കിൽ അവളുടെ മൂല്യം – വില – നശിക്കുന്നു. ഷണ്ഡങ്ങളായ കുറെ വാക്യങ്ങൾ എടുത്തുനിരത്തുന്നതേയുള്ളൂ റഹ്‌മാൻ. അവ വാരികയുടെ വില കൂടിയ മൂന്നു പുറങ്ങളിൽ വിലയില്ലാതെ കിടക്കുന്നു.

* * *

സന്ധ്യാവേളയിൽ അർദ്ധാന്ധകാരം വ്യാപിച്ചിരിക്കുമ്പോൾ അവൾ കൊച്ചു നിലവിളക്കു കത്തിച്ചുകൊണ്ടുവരുന്നു. അതോടെ ഇരുട്ടു മാറുന്നു. സ്വർണ്ണദീപത്തിന്റെ രശ്മികളേറ്റ് അവളുടെ മുഖം കൂടുതൽ തിളങ്ങുന്നു. കല ഇതുപോലെയാണ്. അന്ധകാരം മാററി അതു തിളക്കം പ്രദാനം ചെയ്യുന്നു.

## ഫെറ്റിഷിസം

ഏതെങ്കിലും അചേതന വസ്തുവിൽ കാമത്തോടു ബന്ധപ്പെട്ട താല്പര്യം ചെന്നു വീഴുമ്പോൾ അതിനെ ഫെറ്റിഷിസമെന്നു മനഃശാസ്ത്രജ്ഞൻ വിളിക്കുന്നു. പുരുഷൻ അഭിലഷിക്കുന്ന സ്ത്രീയുടെ വസ്ത്രം അയാൾക്കു അനിയതമായ വികാരം ഉളവാക്കിയെന്നുവരാം. സ്ത്രീയെക്കാൾ വസ്ത്രത്തിന് അയാൾ പ്രധാന്യം കല്പിച്ചുവെന്നും വരാം. ഈ ഫെറ്റിഷിസം ചിത്തവൃത്തിയെ സംബന്ധിക്കുന്ന രോഗമാണ്.

ബഹിർഭാഗസ്ഥമായ ജീവിതസത്യത്തെ ഫെറ്റിഷായി കരുതുകയും അതിനെമാത്രം എപ്പോഴും ആവിഷ്കരിക്കുകയും ചെയ്യുമ്പോൾ വായനക്കാർക്കു ഒരുവിധത്തിലുള്ള മടുപ്പ്' ഉണ്ടാകും. ചൈതന്യധന്യങ്ങളായ വസ്തുതകളെയോ മൂല്യങ്ങളെയോ ഈ ചിത്രീകരണം അവഗണിക്കുന്നു. ഈ പരിമിതി ഗ്രഹിച്ചുകൊണ്ടുതന്നെ പറയാം ദേശാഭിമാനി വാരികയിലെ 'ചിരി മറന്ന കോമാളി' (ടി.വി.എം. അലി എഴുതിയത്) ഭേദപ്പെട്ട കഥയാണെന്ന്. ഒരു പോസ്റ്റ്മാന്റെയും കുടുംബത്തിന്റെയും ദയനീയമായ ചിത്രമാണ് ഇതിലുള്ളത്. ഈ ചിത്രം നമ്മെ ദുഃഖിപ്പിക്കും. അതുതന്നെയാണ് ഇത്തരം കഥകളുടെ സവിശേഷത. കാരാഗൃഹത്തിലിരിക്കുന്ന മനുഷ്യനെ അലിയെപ്പോലുള്ള കഥാകാരന്മാർ കാണുമ്പോൾ മറ്റു ചില സാഹിത്യകാരന്മാർ തടവറയുടെ ഭിത്തികളെ മാത്രം കാണുന്നു. തടവറയെ വിട്ട് തടവുകാരനെ കാണുന്നതാണ് മനുഷ്യത്വം കൂടിയ പ്രവൃത്തി. സംശയമില്ല.

* * *

സിനിമയുടെ രണ്ടാമത്തെ പ്രദർശനം കഴിഞ്ഞ് രാത്രി ഒരു മണിക്കെങ്കിലും ഭർത്താവ് തിരിച്ചെത്തേണ്ടതാണ്. നവവധു കാത്തിരിക്കുമ്പോൾ ഗെയ്റ്റ് നടുത്തു കാൽപെരുമാറ്റം. ആകാംക്ഷയോടെ അവൾ ജന്നലിലൂടെ നോക്കുന്നു. അതേ അയാൾ തന്നെ. നമുക്കിഷ്ടപ്പെട്ട കഥാകാരന്റെ കഥ വാരികയിൽ കാണുമ്പോൾ നമ്മുടെ മാനസികനില ഇതുതന്നെ.

അവൾ നോക്കുമ്പോൾ ഏതോ അപരിചിതൻ കുടിച്ച് ആടിയാടിപ്പോകുന്നു. നിരാശതയും ജുഗുപ്സയും ഫലം. പൈങ്കിളിക്കഥ വാരികയിൽ അച്ചടിച്ചു കാണുമ്പോൾ സൗഹൃദയന്റെ മനോഭാവം ഇതുതന്നെ.

## ജനപ്പെരുപ്പം

ഇന്ത്യയിലെ ജനസംഖ്യാവർദ്ധനയെക്കുറിച്ച് പ്രഗൽഭമായി ഉപന്യസിക്കുന്ന എൻ.വി. കൃഷ്ണവാര്യർ പ്രബന്ധം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്–

"ഇതിന്റെയെല്ലാം ഫലമായി, ക്രിസ്തുവർഷം 2011–ാമാണ്ട് ആകുമ്പോഴേയ്ക്ക് ലോകത്തിലെ ഏററവുമധികം ജനസംഖ്യയുള്ള രാജ്യമെന്ന പദവി ചൈനയിൽനിന്ന് ഇന്ത്യ പിടിച്ചുവാങ്ങാനിടയുണ്ട്. അതോടൊപ്പം മറ്റു പല പദവികളും ഇന്ത്യയ്ക്ക് അനായാസമായി കൈവരും. ഏറ്റവുമധികം നിരക്ഷരർ ഉള്ള രാജ്യം, ഏറ്റവുമധികം അന്ധരും ബധിരരും മൂകരും വികലാംഗരുമുള്ള രാജ്യം, ഏറ്റവുമധികം രോഗികളുള്ള രാജ്യം, ഏറ്റവുമധികം വേശ്യകളുള്ള രാജ്യം, ഏറ്റവുമധികം ദരിദ്രരുള്ള രാജ്യം, ജീവിതനിലവാരം ഏറ്റവുമധികം താഴ്ന്നുനിൽക്കുന്ന രാജ്യം, ഏറ്റവുമധികം കുറ്റങ്ങൾ ഉള്ള രാജ്യം– അങ്ങനെ എന്തെല്ലാമെന്തെല്ലാം ഏറ്റവുമധിക' ങ്ങൾ.

ഈ സത്യംതന്നെ വേറൊരുവിധത്തിൽ പറയാം. ഒരാളിന്റെ എല്ലാ പ്രാഥമികാവശ്യങ്ങളും നിർവഹിക്കാൻ അയാൾക്കു രണ്ടേക്കർ ഭൂമി വേണമെന്ന് ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിട്ടുണ്ടെന്നു ആൽഡസ്–ഹക്സിലി ചൂണ്ടിക്കാണിക്കുന്നു. ഭൂമിയിലെ ഇപ്പോഴത്തെ ജനസംഖ്യയനുസരിച്ച് ഒരുത്തന് സൂചികുത്താനുള്ള സ്ഥലം പോലുമില്ല. അതുകൊണ്ടാണ് ഇന്ന് വിപ്ലവങ്ങളും മററ് അസ്വസ്ഥതകളും ധാരാളമായി ഉണ്ടാകുന്നത്. എ.ഡി. 2011 ആകുമ്പോഴേയ്ക്കു മനുഷ്യർ വല്ലാതെ കഷ്ടപ്പെടും. പരിമിതങ്ങളാണ് സാമ്പദിക വിഭവങ്ങളും അവയിൽ ജനക്കൂട്ടം ചാടിവീഴും. അപ്പോൾ ബഹളവും രക്തച്ചൊരിച്ചിലുമുണ്ടാകും. ഇവയെ നേരിടാൻ സർക്കാർ കൂടുതൽ കൂടുതൽ അധികാരങ്ങളുപയോഗിക്കും. പ്രജാധിപത്യം നിലവിലുള്ള രാജ്യം ഇങ്ങനെ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ അതു സമഗ്രാധിപത്യസ്വഭാവം ആവഹിക്കും. അതിനാൽ ലോകത്തെ അവികസിതരാജ്യങ്ങളിൽ ഏതാനും മാസങ്ങൾകൊണ്ട് സമഗ്രാധിപത്യം ജനനമെടുക്കുമെന്ന് ആൽഡസ് ഹക്സിലി ദീർഘദർശനം ചെയ്തിട്ടുണ്ട്. ജവഹർലാൽ പ്രധാനമന്ത്രിയായിരുന്ന കാലത്ത് ബർട്രൻഡ് റസ്സൽ ഇതിനൊരു പരിഹാരം നിർദ്ദേശിച്ചു. ഇന്ത്യയിലെ ജനസംഖ്യാവർദ്ധന നിയന്ത്രിക്കാൻ കുടുംബാസൂത്രണ പദ്ധതികൾ നെഹ്റു ത്വരിതപ്പെടുത്തണമെന്ന്.

ജനസംഖ്യയുടെ പെരുപ്പംകണ്ടു പേടിക്കുന്നതിൽ അർത്ഥമില്ലെന്നു പറയുന്നവരും ധാരാളമുണ്ട്. വിറ്റമിൻ വേണ്ടിടത്തോളമുള്ള ഭക്ഷണം കഴിച്ചാൽ സന്തത്യുല്പാദനത്തിനു സ്വാഭാവികമായി കുറവുവരുമെന്നാണ് അവരുടെ വാദം. ഒരു ഉദാഹരണത്തിന് അമേരിക്ക സമ്പന്നമായ ആ രാജ്യത്തു പോഷകാംശങ്ങൾ ഏറിയ ഭക്ഷണം ലഭിക്കുന്നതുകൊണ്ട് ജനസംഖ്യയുടെ പെരുപ്പമില്ല. നമ്മുടെ നാട്ടിലേക്കു നോക്കൂ. ദാരിദ്ര്യമുള്ള കുടുംബങ്ങളിൽ സന്താനങ്ങൾ ഏറെക്കാണും.

## നാനാവിഷയകം

1. ട്രയൽ വാരികയിൽ സി.ആർ. കേശവൻ വൈദ്യരെക്കുറിച്ച് ഒരു ലേഖനം വന്നു. അത് എഴുതുന്നതിന് എത്രരൂപ പത്രാധിപർക്കു കിട്ടി എന്ന് എം.കെ. മുരളീധരൻ അന്വേഷിക്കുന്നു. ഈ അന്വേഷണത്തിനു പത്രാധിപരുടെ മറുപടി– "കാശുകൊടുത്തു രണ്ടു നല്ല വാക്കു ട്രയലിലെഴുതിക്കാൻ സി.ആർ. കേശവൻ വൈദ്യരല്ല. സാക്ഷാൽ ശ്രീപരമേശ്വരൻ വിചാരിച്ചാൽ പററില്ല."

2. ഒ.വി. വിജയൻ കേരളദേശം വാരികയിൽ 'ഇന്ദ്രപ്രസ്ഥം' എന്ന പംക്തി ആരംഭിച്ചിരിക്കുന്നു. അതിലദ്ദേഹം പറയുന്നു: "ഇന്ദിര ഇന്നു രക്ഷസാക്ഷിയാണ്. താൻ സൃഷ്ടിച്ച പഞ്ചാബ് പ്രശ്നത്തിന്റെ തന്റെ രൂക്ഷതയേററിയ വർഗീയ അന്യവത്കരണത്തിന്റെ രക്തസാക്ഷിയായിരുന്നു അവർ എന്ന കാര്യം ഇനിമേൽ സ്മരിച്ചുകൂടാ. കാരണം രക്തസാക്ഷിത്വത്തിനു ചുറ്റും കഠിനമായ മര്യാദകളാണ്."

3. ഡോക്ടർ എം.എം. ബഷീർ ചന്ദ്രിക വാരികയിൽ ഡോക്ടർ വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ചെഴുതിയ ലേഖനത്തിൽ ഇങ്ങനെയും ഒരു ഭാഗം– "ഡോക്ടർ വൈക്കം മുഹമ്മദ് ബഷീർ നമ്മളെല്ലാം നാളെ മരിച്ചു മണ്ണടിഞ്ഞുപോയേക്കാം. പക്ഷേ, ഇവിടെ നിന്നു പോയാലും താങ്കൾ ഇവിടെ

ജീവിക്കും. സഹൃദയരുടെ മനസ്സുകളിൽ എന്നും താങ്കളുണ്ടാവും. താങ്കളുടെ വെളിച്ചത്തിലൂടെ ഈ കാലഘട്ടം നാളയിലേക്കു നീളും– താങ്കളുടെ കാലഘട്ടത്തിൽ ജീവിക്കാൻ അവസരം കിട്ടിയതുതന്നെ എത്ര ധന്യം.”

ട്രയൽ പത്രാധിപരുടെയും ഒ.വി. വിജയന്റെയും പ്രസ്താവങ്ങൾക്കു വസ്തുനിഷ്ഠത്വമുണ്ട്. എം.എം. ബഷീറിന്റെ പ്രസ്താവം ഇൻസിൻസിറിറ്റിയുടെ സന്തതിയായ അന്യുക്തി ടോൾസ്റ്റോയിയുടെ കാലത്തു ജീവിച്ച ആളിനുപോലും പറയാനൊക്കുകയില്ല അയാളുടെ ജീവിതം ധന്യമായിരുന്നെന്ന്. മഹാവിഷ്ണുവിനെ പിടിക്കാൻ വൈകുണ്ഠത്ത് എലിപ്പത്തായവും കൊണ്ടു കയറരുത്. എലിയെ പാർപ്പിക്കാൻ വൈകുണ്ഠം നിർമിക്കുകയുമരുത്.

* * *

എനിക്കു ജീവിതാസ്തമയം. അദ്ദേഹത്തിന് എന്നെക്കാൾ പത്തു വയസ്സു കൂടും. അതുകൊണ്ട് അദ്ദേഹത്തെ കണ്ടുകളയാമെന്നു വിചാരിച്ച്, പോയി. വീടറിഞ്ഞുകൂടാ. ഭാഗ്യവശാൽ വഴിയിൽവച്ചു എനിക്കു പരിചയമുള്ള ഒരു സുന്ദരിയെ കണ്ടു. “ന്റെ വീടെവിടെ?” എന്ന് എന്റെ ചോദ്യം. “ഞാൻ കൂടെ വന്നു കാണിച്ചുതരാം. സാറിനു തനിയെ കണ്ടുപിടിക്കാനൊക്കുകയില്ല” എന്ന് അവരുടെ മറുപടി. അവർ കൂടെ വന്നു. വീടിന്റെ പടിപ്പുരയിലെത്തി. പടിപ്പുരയിൽനിന്ന് അര ഫർലോങ് അകലെയാണ് വീടിരിക്കുന്നത്. സ്ത്രീ ബെല്ലിന്റെ സ്വിച്ച് അമർത്തി. അദ്ദേഹം വരാന്തയിൽ പ്രത്യക്ഷനായി. സഹായത്തിനു വന്ന സ്ത്രീ ഉടനെ തിരിച്ചുപോയി. പൊക്കംകൂടിയ എന്നെ മാത്രമേ അദ്ദേഹം കണ്ടിരിക്കാൻ ഇടയുള്ളൂ. പതുക്കെ നടന്ന് അദ്ദേഹം പടിപ്പുരയിൽ എത്തി. “ആങ് ഹാ കൃഷ്ണൻനായരോ? ക്റ്ററാക്ട്കൊണ്ട് കാഴ്ച ശരിക്കില്ല. അതുകൊണ്ടു നിങ്ങളാണെന്ന് അടുത്തെത്തുന്നതുവരെ മനസ്സിലായില്ല. നിങ്ങളുടെകൂടെ വന്നിട്ടുപോയത് പങ്കജമാണോ?” “അതേ” എന്നു ഞാൻ. (പങ്കജം എന്നതു ശരിയായ പേരല്ല). വാർദ്ധക്യത്തിലും ലിബിഡോക്ക് എന്തൊരു ശക്തി ഫ്രായിറ്റ് ജയിക്കട്ടെ.